155(182) പെൺ ഭ്രൂണഹത്യ

പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) കേരളത്തിൽ പെൺഭ്രൂണഹത്യ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം ; വിശദവിവരങ്ങൾ അറിയിക്കാമോ;

(സി) ഇതു തടയാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി,സി) ചോദ്യം ഉദിക്കുന്നില്ല.

156(183) കെ.എച്ച്. ആർ. ഡബ്ല്യു. എസിന്റെ നിയന്ത്രണത്തിലുള്ള എ.സി.ആർ. ലാബുകളുടെ പ്രവർത്തനം

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) കെ. എച്ച്. ആർ.ഡബ്ല്യു. എസിന്റെ നിയന്ത്രണത്തിൽ എ.സി. ആർ. ലാബ് ആരംഭിച്ചതെന്നാണ്; അവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ബി) ഇതിനായി എത്ര പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) നിയമനങ്ങൾ നടത്തിയത് അംഗീകൃത മാനദണ്ഡമനുസരിച്ചാണോ എന്നറിയിക്കാമോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കെ.എച്ച്. ആർ. ഡബ്ല്യു.എസ്സ്. വക കാത്ത് ലാബ് ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകളിൽ നടത്തുന്ന ടെസ്റ്റുകൾക്ക് ഫീസ് ഒരേ നിരക്കിലാണോ ഈടാക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 6.11.2000 മുതൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ .

(ബി,സി) താഴെപ്പറയുന്ന 23 തസ്തികകളിൽ നിയമനം നടത്തി

തസ്തിക	*എണ്ണം*	*നിയമനരീതി*
1. ഡയറക്ടർ	1	മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും
2. ചീഫ് ടെക്നിക്കൽ ആഫീസർ	1	ഡെപ്യൂട്ടേഷനിൽ നിയമിച്ചു. രണ്ടുവർഷത്തേയ്ക്ക് കോൺട്രാക്ട് നിയമനം
3. ലാബ്ടെക്നീഷ്യൻ	12	179 ദിവസത്തേയ്ക്ക് കോൺട്രാക്ട്

LIBRARY ARCHIVES Kerala Legislative Assembly